പതിമൂന്നാം കേരളനിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്ന മിടാത്ത ചോദ്യം നമ്പർ : 3831 — 15.12.2014 ൽ മറുപടി പറയേണ്ടിയിരുന്നത്

## പ്രൊഫ. എൻ. ആർ. മാധവമേനോൻ റിപ്പോർട്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.കെ.എസ്.സലീഖ | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) സംസ്ഥാനത്ത് മുഖ്യമന്ത്രി വിസിറ്റർ ആയും, ആഭ്യന്തരവകുപ്പമന്ത്രി ചാൻസലറുമായി പോലീസ് സർവ്വകലാശാല തുടങ്ങാൻ പ്രൊഫ. എൻ. ആർ. മാധവമേനോൻ അദ്ധ്യക്ഷനായ സമിതി റിപ്പോർട്ട് നൽകിയിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കുമോ; | (എ) ഉണ്ട്. പ്രൊഫ. എൻ. ആർ. മാധവമേനോൻ കമ്മിറ്റി റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. |
| (ബി) പ്രൊഫ. എൻ. ആർ. മാധവമേനോൻ സമിതിയിലെ അംഗങ്ങൾ ആരെല്ലാമെന്നും, നാളിതുവരെ ഇവരുടെ ശമ്പളം, അലവൻസുകൾ എന്നിവയുൾപ്പെടെ ഓരോരുത്തർക്കും നൽകിയ തുക എത്രയെന്നും വ്യക്തമാക്കുമോ;<br><br>(സി) സമിതി നടത്തിപ്പിനും പ്രവർത്തനത്തിനുമായി നിയോഗിച്ച മറ്റുദ്യോഗസ്ഥർ ആരെല്ലാമെന്നും, ഇവരുടെ ശമ്പളം, മറ്റ് അലവൻസുകൾ എന്നിവയ്ക്കായി ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ; | (ബി) യും (സി) യും പ്രൊഫ. എൻ. ആർ. മാധവമേനോൻ, ജസ്റ്റിസ് ആർ.ബസന്ത്, ശ്രീ. റ്റി. ആസഫ് അലി, ഡോ. പി.എം. നായർ, ശ്രീ. രമൺ ശ്രീവാസ്തവ, ശ്രീ. ഹോർമിസ് തരകൻ, ശ്രീ. ജേക്കബ് പുന്നൂസ്, പ്രൊഫ. എസ്.വി. ജോഗറാവു, ശ്രീ. കെ.എസ്. ബാലസുബ്രഹ്മണ്യം ഐ.പി.എസ്. (എക്സ് ഓഫിഷ്യോ). ഡോ. ഷീന ഷുക്കൂർ, ശ്രീ.റ്റി.പി. ശ്രീനിവാസൻ എന്നിവരാണ് പ്രസ്തുത സമിതിയിലെ അംഗങ്ങൾ.ഇവർക്ക് ശമ്പളം നൽകിയിട്ടില്ല. ഇവർക്ക് റ്റി.എ./ഡി.എ/ഹോണറേറിയം എന്നീ ഇനങ്ങളിൽ 2,15,443 രൂപ (രണ്ട് ലക്ഷത്തി പതിനയ്യായിരത്തി നാനൂറ്റി നാൽപത്തിമൂന്ന് രൂപ) നൽകിയിട്ടുണ്ട്. ഓരോരുത്തർക്കും നൽകിയതുകയുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത സർവ്വകലാശാല തുടങ്ങുന്നതിനായി എത്ര തുകയുടെ ചെലവുവരുമെന്നും, ഇതിൽ കേന്ദ്രസഹായമായി എത്ര തുക പ്രതീക്ഷിക്കുന്നുവെന്നും, ഇതിന്റെ ആസ്ഥാനം എവിടെയാണ തീരുമാനിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (ഡി) മുതൽ (എഫ്) വരെ | റിപ്പോർട്ട് സർക്കാർ പരിശോധിച്ച വരുന്നു. ആയതിന്മേൽ യാതൊരു തീരുമാനങ്ങളും കൈക്കൊണ്ടിട്ടില്ല |
| (ഇ) | പ്രസ്തുത റിപ്പോർട്ടിൽ വൈസ് ചാൻസലർ, ഉപദേശകസമിതി, ബോർഡ് ഓഫ് മാനേജ്മെന്റ് എന്നിവയിൽ നിയോഗിക്കപ്പെടേണ്ടവർക്ക് വിദ്യാഭ്യാസമുൾപ്പെടെ യോഗ്യതകൾ നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | | |
| (എഫ്) | സംസ്ഥാനത്തെ നിലവിലുള്ള എല്ലാ സർവ്വകലാശാലകളുടെയും ചാൻസലർ ബഹു: സംസ്ഥാനഗവർണ്ണർ ആയിരിക്കണമെന്ന ഭരണഘടനാവ്യവസ്ഥകൾ ലംഘിച്ച് ബഹു: ഗവർണ്ണറുടെ അധികാരങ്ങളും അവകാശങ്ങളും കവർന്നെടുക്കുവാൻ പോലീസ് സർവ്വകലാശാലയിലൂടെ ശ്രമിക്കുന്നത് ഭരണഘടനാലംഘനമാണെന്നുള്ള വസ്തുത സർക്കാരിന്റെയോ, പ്രൊഫ. മാധവമേനോൻ കമ്മീഷന്റെയോ ശ്രദ്ധയിൽപ്പെട്ടുവോ; വിശദാംശം വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം

ബി) പ്രൊഫ. എൻ. ആർ മാധവമേനോൻ സമിതിയിലെ അംഗങ്ങൾക്ക് ഹോണറേറിയം ഇനത്തിൽ 75000 രൂപ നൽകിയിട്ടുണ്ട്. യാത്രാബത്ത ഇനത്തിൽ ആകെ 140443 രൂപ കൗൺസിൽ ചിലവാക്കിയിട്ടുണ്ട്. ഓരോരുത്തർക്കുമായി കൗൺസിൽ ചിലവാക്കിയ തുക താഴെ കാണിക്കുന്നു.

| Sl. No. | Name | TA/DA | Honorarium | TOTAL (Rs.) |
|---|---|---|---|---|
| 1 | Prof.N.R.Madhava Menon, Chairman of the Committee | 0 | 0 | **0** |
| 2 | Justice R.Basant, Judge(Rtd), High Court of Kerala and Senior Advocate, Supreme Court | 71110 | 13000 | **84110** |
| 3 | Shri.T.Asaf Ali, Director General of Prosecution, High Court of Kerala, Ernakulam | 0 | 13000 | **13000** |
| 4 | Shri.P.M.Nair IPS (Rtd) Former Director, General, NDRF | 56537 | 5000 | **61537** |
| 5 | Shri.Raman Srivastava, IPS (Rtd) Former Director General, BSF | 0 | 13000 | **13000** |
| 6 | Shri.Hormis Tharakan, IPS(Rtd), Former Director, RAW | 12796 | 7000 | **19796** |
| 7 | Shri.Jacob Punnoose, IPS (Rtd), Former DGP, Kerala | 0 | 11000 | **11000** |
| 8 | Prof.S.Joga Rao, Advocate, Bangalore (Former Director of School of Law, IIT Kharagpur) | 0 | 3000 | **3000** |
| 9 | Shri.K.S.Balasubramaniam, IPS, DGP Kerala (Ex-officio) | 0 | 0 | **0** |
| 10 | Dr.Sheena Shukkur, Pro Vice Chancellor, MG University, Kottayam | 0 | 10000 | **10000** |
| 11 | Amb.(Rtd)T.P.Sreenivasan, Vice Chairman, KSHEC (Convener) | 0 | 0 | **0** |
| | **TOTAL** | 140443 | 75000 | **215443** |

സെക്ഷൻ ഓഫീസർ